**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 931** **12-06-2024 - ൽ മറുപടിയ്ക്ക്**

**വനത്തിനുള്ളിലെ ജല ദൗർലഭ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, <br> ശ്രീ. ഐ. സി. ബാലകൃഷ്ണൻ, <br> ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ <br> (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയോടു ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലെ യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ കൂടുതൽ ജലം വലിച്ചെടുക്കുന്നത് വനത്തിനുള്ളിൽ ജല ദൗർലഭ്യം ഉണ്ടാകാൻ ഇടയാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വനഭൂമിയോടു ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലെ യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ ജലം വലിച്ചൂറ്റി വനത്തിനുള്ളിൽ ജല ദൗർലഭ്യം ഉണ്ടാക്കുന്നതായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്ന് പരാതി ഉയർന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജല ദൗർലഭ്യം വന്യജീവികൾ നാട്ടിലേക്കിറങ്ങാൻ കാരണമാകുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, സെന്ന തുടങ്ങിയ വിദേശ ഏകവിള സസ്യങ്ങളുടെ കടന്നു കയറ്റം സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടാകുന്ന ഇത്തരം ശോഷണവും തത്ഫലമായുള്ള ജലദൗർലഭ്യതയും ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ആശ്രയിക്കാൻ ചിലയിടങ്ങളിൽ വന്യമൃഗങ്ങൾ പ്രേരിതരാകുകയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു കാരണമാകുകയും ചെയ്യുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | കാർഷിക വിളകൾക്ക് കടുത്ത പ്രതിസന്ധി ഉണ്ടാക്കുന്നതിന് കാരണമാകുന്ന ഇത്തരം മരങ്ങൾ പിഴുതുമാറ്റാൻ സർക്കാർ പദ്ധതി തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനം തുടർച്ചയായി നേരിടുന്ന പ്രകൃതിദുരന്തങ്ങളുടെയും, മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്,വാറ്റിൽ, സെന്ന തുടങ്ങിയ വിദേശ അധിനിവേശ സസ്യങ്ങളും ഏകവിള തോട്ടങ്ങളും നീക്കം ചെയ്ത് കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചു കൊണ്ട് 17.12.2021 ലെ സർക്കാർ ഉത്തരവ്(കൈ)നം.29/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. <br> ഈ നയരേഖ പ്രകാരം അധിനിവേശ സസ്യങ്ങളേയും വിദേശ ഏകവിളത്തോട്ടങ്ങളേയും ഘട്ടം ഘട്ടമായി |

| | | | |
|---|---|---|---|
| | | | നീക്കം ചെയ്ത് തദ്ദേശീയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വഭാവിക വനമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി കേന്ദ്ര-സംസ്ഥാന പദ്ധതി / സ്കീം വിഹിതം,റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം,നബാർഡ് തുടങ്ങിയവയുടെ ധനസഹായം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ അതാത് പ്രദേശത്തിനിണങ്ങുന്ന സസ്യങ്ങൾ സ്വാഭാവിക വന പുനഃസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ അതാത് വനം ഡിവിഷനുകളുടെ അംഗീകൃത വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയിൽ വിശദമാക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ